# യൂദാ

1യേശുക്രിസ്തുവിൻെറ ദാസനും യാക്കോ
ബിൻെറ സഹോദരനുമായ യൂദാ,
പിതാവായ ദൈവത്താൽ സ്നേഹിക്കപ്പെട്ടും
യേശുക്രിസ്തുവിനായി[a] സംരക്ഷിക്കപ്പെട്ടുമിരി
ക്കുന്ന വിളിക്കപ്പെട്ടവർക്ക് എഴുതുന്നത്:
2നിങ്ങൾക്കു കരുണയും സമാധാനവും
സ്നേഹവും സമൃദ്ധിയായി ഉണ്ടാകുമാറാകട്ടെ.

*ദൈവത്തെ ത്യജിക്കുന്നവരുടെ നാശം*

3പ്രിയരേ, നമുക്കു പൊതുവിലുള്ള രക്ഷ
യെപ്പറ്റി നിങ്ങൾക്കെഴുതുവാൻ ഞാൻ അത്യന്തം
ഉത്സാഹിച്ചുകൊണ്ടിരിക്കെ, ദൈവം വിശു
ദ്ധന്മാർക്ക് ഒരിക്കലായി ഏല്പിച്ചിട്ടുള്ള വിശ്വാ
സത്തിനുവേണ്ടി പോരാടുവാൻ പ്രബോധിപ്പി
ച്ചുകൊണ്ട് നിങ്ങൾക്കെഴുതുവാൻ ഞാൻ നിർ
ബ്ബന്ധിതനായി. 4കാരണം, നമ്മുടെ ദൈവത്തി
ൻെറ കൃപയെ ഭോഗാസക്തിക്കുവേണ്ടി ഉപ
യോഗിക്കുകയും നമ്മുടെ ഏകാധിനാഥനും
കർത്താവുമായ യേശുക്രിസ്തുവിനെ നിഷേ
ധിക്കുകയും ചെയ്യുന്ന അഭക്തരായ ചിലർ നി
ങ്ങളുടെയിടയിൽ നുഴഞ്ഞുകയറിയിട്ടുണ്ട്. ശി
ക്ഷാവിധിക്കായി പണ്ടുതന്നേ നിർണ്ണയിക്ക
പ്പെട്ടവരാണ് ഈ കൂട്ടർ[b].
5നിങ്ങൾ ഒരിക്കൽ എല്ലാം അറിഞ്ഞവരെങ്കി
ലും നിങ്ങളെ ഞാൻ ഓർപ്പിക്കുവാൻ ആഗ്രഹി
ക്കുന്നത്: കർത്താവു തൻെറ ജനത്തെ ഈജി
പ്റ്റിൽനിന്നു വിടുവിച്ചതിനുശേഷവും വിശ്വ
സിക്കാതിരുന്നവരെ പിന്നീടു നശിപ്പിച്ചു.
6തങ്ങളുടെ ഭരണം നിറവേറ്റാതെ സ്വന്തം വാ
സസ്ഥാനം വിട്ടുപോയ ദൂതന്മാരെ അവിടുന്ന്
മഹാദിവസത്തിലെ ന്യായവിധിക്കായി നിത്യ
ബന്ധനത്തിലാക്കി അന്ധതമസ്സിൽ സൂക്ഷിച്ചി
രിക്കുന്നു. 7അതേവിധത്തിൽ, സൊദോമും ഗൊ
മോറയും ചുറ്റുമുള്ള പട്ടണങ്ങളും അവർക്കു
തുല്യം ഹീനമായ ദുർന്നടപ്പിൽ മുഴുകി വികൃ
തമായ ഭോഗാസക്തിയിൽ ജീവിച്ചതുമൂലം നി
ത്യാഗ്നിയുടെ ദണ്ഡനം സഹിച്ചുകൊണ്ട് ഒരു
ദൃഷ്ടാന്തമായി നിലകൊള്ളുന്നു.
8ഇപ്രകാരംതന്നേയാണ് ഈ മനുഷ്യരും സ്വ
പ്നാവസ്ഥയിൽ മുഴുകി ശരീരത്തെ മലിനമാ
ക്കുകയും അധികാരത്തെ ധിക്കരിക്കുകയും
തേജസ്സുള്ളവരെ ദുഷിക്കുകയും ചെയ്യുന്നത്.
9എന്നാൽ പ്രധാനദൂതനായ മീഖായേൽപോ
ലും, മോശെയുടെ ശരീരത്തെ സംബന്ധിച്ചു പി
ശാചിനോടു തർക്കിച്ചപ്പോൾ, "കർത്താവു നി
ന്നെ ഭർത്സിക്കട്ടെ" എന്നു പറഞ്ഞതല്ലാതെ
അവനെതിരായി ദൂഷണരൂപത്തിലുള്ള ഒരു
കുറ്റാരോപണവും നടത്തിയില്ല. 10എന്നാൽ
ഇവരാകട്ടെ, തങ്ങൾക്ക് അറിവില്ലാത്തതിനെ
യെല്ലാം ദുഷിക്കുന്നു; അതേസമയം, വി
ശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെപ്പോലെ
ജന്മവാസനകൊണ്ടു ഗ്രഹിക്കുന്ന കാര്യ
ങ്ങളാൽ ഇവർ നശിക്കുകയും ചെയ്യുന്നു.
11ഇവർക്ക് ഹാ കഷ്ടം! അവർ കയീൻെറ
വഴിയിൽ നടക്കുകയും, പ്രതിഫലം മോഹിച്ചു
ബിലെയാമിൻെറ വഞ്ചനയ്ക്കു സ്വയം
ഏല്പിച്ചുകൊടുക്കുകയും കോരഹിൻെറ
മത്സരത്തിൽ നശിച്ചുപോകയും ചെയ്യുന്നു.
12ഇവർ നിങ്ങളുടെ സ്നേഹവിരുന്നുകളിലെ
കളങ്കങ്ങളത്രേ. ഭയംകൂടാതെ സ്വയം തിന്നുകു
ടിച്ചു മദിക്കുന്നവർ! കാറ്റിൽ പാറിപ്പോകുന്ന,
വെള്ളമില്ലാത്ത മേഘങ്ങൾ! ഫലമില്ലാത്തതും
പിഴുതെറിയപ്പെട്ടതും രണ്ടുവട്ടം ചത്തതുമായ
ശരത്ക്കാല വൃക്ഷങ്ങൾ! 13സ്വന്തം നാണക്കേടി
ൻെറ നുരയും പതയും വമിച്ച് അലറുന്ന കടൽ
ത്തിരകൾ! കൊടുംതമസ്സിനായി സൂക്ഷിക്കപ്പെട്ടി
രിക്കുന്ന വക്രഗതിയുള്ള നക്ഷത്രങ്ങൾ!
14ആദാംമുതൽ ഏഴാമനായ ഹാനോക്കും
ഇവരെക്കുറിച്ച് ഇപ്രകാരം പ്രവചിച്ചു: "ഇതാ,
കർത്താവ് എല്ലാവരെയും ന്യായം വിധിക്കുവാ
നും, അഭക്തർ ഭക്തിവിരുദ്ധമായി ചെയ്ത,
ഭക്തിരഹിതമായ സകലപ്രവൃത്തികളും, ഭക്തി
കെട്ട പാപികൾ തനിക്കെതിരെ പറഞ്ഞ നിഷ്ഠൂ
രവചനങ്ങളുംനിമിത്തം അവർക്കു ബോധം
വരുത്തുവാനും 15തൻെറ ആയിരമായിരം വി
ശുദ്ധരോടുകൂടി വന്നിരിക്കുന്നു." 16ഇവർ പിറു

*a* 1അല്ലെങ്കിൽ *യേശുക്രിസ്തുവിൽ* *b* 4 അല്ലെങ്കിൽ *ഇവരുടെ ശിക്ഷാവിധി പണ്ടുതന്നേ എഴുതിയിരിക്കുന്നു.*

പിറുപ്പുകാരും ദോഷൈകദൃക്കുകളും സ്വന്തം
ദുർമ്മോഹങ്ങളെ പിന്തുടരുന്നവരുമാണ്. തങ്ങ
ളെക്കുറിച്ച് ഇവർ വമ്പു പറയുകയും കാര്യസാ
ധ്യത്തിനായി മുഖസ്തുതി പ്രയോഗിക്കുകയും
ചെയ്യുന്നു.

*സഹിഷ്ണുതയ്ക്കുള്ള ആഹ്വാനം*

17 നിങ്ങളോ പ്രിയരേ, നമ്മുടെ കർത്താവായ
യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ
മുൻകൂട്ടി പറഞ്ഞ വാക്കുകൾ ഓർത്തുകൊള്ളു
വിൻ. 18 "അന്ത്യകാലത്തു ഭക്തിവിരുദ്ധമായ
സ്വന്തം മോഹങ്ങളെ പിന്തുടരുന്ന പരിഹാസി
കൾ ഉണ്ടാകും" എന്ന് അവർ നിങ്ങളോടു
പറഞ്ഞുവല്ലോ. 19 ലൗകികരും ആത്മാവി
ല്ലാത്തവരുമായ ഇവരാണ് നിങ്ങളുടെയിടയിൽ
ഭിന്നിപ്പുണ്ടാക്കുന്നത്.

20 നിങ്ങളോ, പ്രിയരേ, നിങ്ങളുടെ അതിവി
ശുദ്ധ വിശ്വാസത്തിൽ നിങ്ങൾക്കുതന്നേ ആത്മി
കവർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ
പ്രാർത്ഥിച്ചും 21 നിത്യജീവനായി നമ്മുടെ
കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്
ക്കു കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹ
ത്തിൽ നിങ്ങളെത്തന്നേ സൂക്ഷിച്ചുകൊ
ള്ളുവിൻ.

22 ചഞ്ചലചിത്തരോടു കരുണ കാണിക്കു
വിൻ; 23 ചിലരെ തീയിൽനിന്നു വലിച്ചെടുത്തു
രക്ഷിപ്പിൻ; മറ്റു ചിലരോട്, ജഡികതയാൽ മലി
നമായ അവരുടെ വസ്ത്രംപോലും വെറുത്തു
കൊണ്ടു ഭയത്തോടെ കരുണ കാണിപ്പിൻ.

*ആശീർവാദം*

24 വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ
തേജസ്സിന്റെ സന്നിധിയിൽ കളങ്കമില്ലാതെ
മഹാസന്തോഷത്തോടെ നിറുത്തുവാൻ കഴിവു
ള്ളവന്, 25 നമ്മുടെ കർത്താവായ യേശുക്രിസ്തു
വിലൂടെ നമ്മുടെ രക്ഷകനായ ഏകദൈവത്തി
നുതന്നേ, സർവ്വകാലങ്ങൾക്കുമുമ്പും ഇപ്പോഴും
എന്നേക്കും തേജസ്സും മഹിമയും ബലവും ആധി
പത്യവും ഉണ്ടായിരിക്കട്ടെ. ആമേൻ.